പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2583 — 14.2.2013-ലെ മറുപടിക്ക്

## നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.11.12-ലെ നമ്പർ 18066/ഇ2/12 കത്ത് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നുവോ; എങ്കിൽ, അതിന്മേലുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിച്ചുവോ; | എ) ബി) & സി | 6.8.2012 -ലെ പി.എൽ.എ3-34730/12 /ആവഡ പ്രകാരം നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ കെട്ടിടം പണിയുന്നതിനായി 13 കോടി രൂപായുടെ പ്ലാനും എസ്റ്റിമേറ്റും സർക്കാരിന് ലഭിച്ചു. എന്നാൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷം തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 25.10.2012 -ലെ 18066/ഇ2/2012/ആകുവ എന്ന കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് ഇതിനകം ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറോട് ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് തുക വകയിരുത്തുവാനായി നൽകിയ പ്രൊ പ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| സി) പ്രസ്തുത ആശുപത്രിയിൽ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ലായെന്ന കാര്യം ബോദ്ധ്യപ്പെട്ട് അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ